സർക്കാരിന്റെ കടം

2 (4040) ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതേവരെ ബാങ്ക്, നാഷണൽ സേവിംഗ്സ്, മാർക്കറ്റ് ലോൺ, വിദേശ സ്ഥാപനങ്ങൾ തുടങ്ങി ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്ന് എന്തു തുക വീതം മൊത്തം കടമെടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 31-3-2003 വരെ എടുത്ത വായ്പകളുടെ വിവരം ഇപ്രകാരമാണ്.

1. ബാങ്കുകൾ - ഇല്ല.
2. നാഷണൽ സേവിംഗ്സ് - 1,294.86 കോടി (താൽക്കാലിക കണക്ക് - അക്കൗണ്ടന്റ് ജനറൽ 2002-2003-ലെ കണക്ക്ഇനിയും തിട്ടപ്പെടുത്തിയിട്ടില്ല - ഇതിൽ 118.47 കോടി Debt Swap Scheme അനുസരിച്ച് തിരിച്ചു പിടിച്ചിട്ടുണ്ട്)
3. മാർക്കറ്റ് ലോൺ - 2,003.57 കോടി രൂപ.
4. എ. ഡി. ബി - 601.30 കോടി രൂപ.
5. മറ്റു വിദേശ സ്ഥാപനങ്ങൾ - 863.81 കോടി രൂപ.
6. നബാർഡ് - 328.4283 കോടി രൂപ.
7. NCDC- 99.92189 കോടി രൂപ.
8. LIC- 811.58 കോടി രൂപ
9. GIC, OIC, NIAC, UIIC- 65.96 കോടി രൂപ.

ADB ഉൾപ്പെടെയുള്ള വിദേശ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ കേന്ദ്ര ഗവൺമെന്റിന്റെ അധിക സാമ്പത്തിക സഹായമായാണ് സംസ്ഥാനത്തിന് ലഭിക്കുന്നത്.

ധനകാര്യ വകുപ്പിനെ സ്ട്രീംലൈൻ ചെയ്യുന്ന നടപടി

3 (4041) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ധനകാര്യ വകുപ്പിലെ ദുർവ്യയം ഒഴിവാക്കി സ്ട്രീംലൈൻ ചെയ്യാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ ;

(ബി) ഇക്കാലയളവിൽ ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി സംസ്ഥാനത്തിന് പുറത്തേക്ക് വിദേശയാത്രകൾ ഉൾപ്പെടെ എത്ര വിമാന യാത്രകൾ നടത്തിയിട്ടുണ്ട് ;

(സി) ഇവ ഓരോന്നിനും ടി. എ., ഡി. എ ഇനത്തിൽ എന്തു തുക സംസ്ഥാന ഖജനാവിൽ നിന്നും വിവിധ പൊതുമേഖലാ ഫണ്ടുകളിൽ നിന്നും കൈപ്പറ്റിയിട്ടുണ്ടെന്നതിന്റെ സ്റ്റേറ്റ്മെന്റ് നൽകാമോ ;

LIBRARY ARCHIVES Kerala Legislative Assembly